അഭിമുഖം




# ശക്തമായ ദഅ്‌വാ മാധ്യമം പ്രബോധകന്റെ ജീവിതം തന്നെ

**ഡോ. ജെറാൾഡ് ഡർക്‌സ്/**
**വി.വി ശരീഫ് സിംഗപ്പൂർ**

*മാലാഖമാർ പോലും ചോദിക്കുന്നു* എന്ന പ്രശസ്ത കൃതിയുടെ കർത്താവായ ജഫ്രിലാംഗിന്റെ നാടായ കാൻസാസിൽ(അമേരിക്ക)നിന്ന് മറ്റൊരു പ്രബോധകൻ – ഡോ. ജെറാൾഡ് ഡർക്സ്. മതകീയ ചുറ്റുപാടുകളിലാണ് ജനിച്ചതും വളർന്നതും. 15–ാം വയസ്സിൽ ചർച്ചുകളിലെ യൂത്ത് പ്രോഗ്രാമുകളിൽ പ്രഭാഷണങ്ങൾ നടത്തിത്തുടങ്ങി. ക്രൈസ്തവ വിജ്ഞാനീയത്തിലുള്ള താൽപര്യവും കഴിവും കാരണം, ഹാർവാർഡ് സർവകലാശാലയിലെ ഡിവിനിറ്റി കോളേജിൽ സ്‌കോളർഷിപ്പോടെ പ്രവേശനം നേടുകയും ബിരുദ പഠനം പൂർത്തിയാക്കുകയും ചെയ്തു. അവിടുന്ന് തന്നെ വൈദിക പഠനത്തിൽ മാസ്റ്റർ ബിരുദവും ലഭിച്ചു. ഡെനിവർ (DENEVER) യൂനിവേഴ്‌സിറ്റിയിൽനിന്നും ശിശുമനശ്ശാസ്ത്രത്തിൽ മാസ്റ്റർ ബിരുദവും മനശ്ശാസ്ത്രത്തിൽ ഡോക്ടറേറ്റും നേടിയിട്ടുണ്ട്. 1969–ൽ ക്രിസ്തീയ മതപ്രചാരണത്തിനുള്ള ഔദ്യോഗിക അനുവാദം യുനൈറ്റഡ് മെത്തേഡിസ്റ്റ് ചർച്ചിൽനിന്ന് ലഭിച്ചു. ഇതേ വിഭാഗത്തിന്റെ പുരോഹിത പദവിയും ലഭിച്ചു. 1993–ൽ ഇസ്‌ലാം സ്വീകരിച്ചു.

ഇപ്പോൾ അമേരിക്ക കേന്ദ്രീകരിച്ച് പ്രബോധന പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രധാനമായും യൂനിവേഴ്‌സിറ്റികളിൽ ഇസ്‌ലാമിക വിഷയത്തിൽ പ്രഭാഷണങ്ങളും വർക്ക്‌ഷോപ്പുകളുമാണ് നടത്തുന്നത്. ഇസ്‌ലാമിനെക്കുറിച്ച് നൂറുകണക്കിന് പ്രബന്ധങ്ങൾ എഴുതിയിട്ടുണ്ട്. അമേരിക്കയിലെ വിവിധ ടി.വി ചാനലുകളും പത്രങ്ങളും ഡോ. ഡർക്സിന്റെ അഭിമുഖങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. ഗവേഷണ പ്രിയനായ ഡർക്സ് അറേബ്യൻ കുതിരകളെക്കുറിച്ച് മാത്രം 140 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്! The Cross and Crescent, Abraham: The Friend of God, Understanding Islam, The Abrahamic Faith, Islam Our Choice, Muslims In American History, Letters to My Elders in Islam, Easily Understand Islam എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. ഇസ്‌ലാമിക പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സിംഗപ്പൂരിൽ എത്തിയ ഡോ. ഡർക്സ് *പ്രബോധന*ത്തിന് അനുവദിച്ച അഭിമുഖം.

***ചർച്ചുമായി ബന്ധപ്പെട്ട താങ്കളുടെ കഴിഞ്ഞകാല അനുഭവങ്ങൾ പങ്കുവെക്കാമോ?***

ചെറുപ്പത്തിലേ എന്റെ പട്ടണത്തിലെ മെത്തേഡിസ്റ്റ് ചർച്ചിൽ എന്റെ കുടുംബം സജീവമായിരുന്നു. ഹൈസ്‌കൂളിൽ പഠിക്കുന്ന കാലത്ത് ഞങ്ങളുടെ പട്ടണത്തിലെ ചർച്ച് പൂട്ടി. പിന്നെ അടുത്ത പട്ടണത്തിലെ വലിയൊരു ചർച്ചിലേക്കാണ് ഞങ്ങൾ പോയിരുന്നത്. ഇവിടെനിന്നാണ് ഞാൻ ചർച്ചിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനാവുന്നത്. അവിടെയുള്ള മെത്തേഡിസ്റ്റ് യൂത്ത് ഫെല്ലോഷിപ്പ് എന്ന കൂട്ടായ്മയുടെ സജീവ പ്രവർത്തകനായി. അതിന്റെ ജില്ലാ ഓഫീസറായും സമ്മേളന കൺവീനറായും ഞാൻ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. വർഷംതോറും നടക്കാറുള്ള 'യൂത്ത് സൺഡെ' പരിപാടിയിലെ മുഖ്യപ്രഭാഷകനായും ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. ഇതൊക്കെ കാരണമായി, 17–ാം വയസ്സിൽ ഹാർവാർഡിൽ ചേരു

മ്പോൾ തന്നെ ചർച്ച് മിനിസ്ട്രിയിൽ ചേരാനുള്ള എന്റെ ആഗ്രഹം തീവ്രമായിക്കഴിഞ്ഞിരുന്നു. സെമിനാരി വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഇസ്‌ലാമിനെക്കുറിച്ചും പഠിക്കാനുണ്ടായിരുന്നു. എങ്കിലും ഇക്കാലത്ത് ഇസ്‌ലാമിനോട് പ്രത്യേക താൽപര്യമൊന്നും തോന്നിയില്ല. പഠന കാലയളവിൽതന്നെ വലിയൊരു മെത്തേഡിസ്റ്റ് ചർച്ചിന്റെ യൂത്ത് മിനിസ്റ്ററായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. ഹാർവാർഡിലെ 'ഡിവിനിറ്റി'യിൽ മാസ്റ്റർ ബിരുദത്തിന് പഠിക്കുമ്പോൾതന്നെ, ഹോസ്പിറ്റൽ കേന്ദ്രീകരിച്ചുള്ള പുരോഹിതനാകുവാൻ വേണ്ട രണ്ടുവർഷത്തെ കോഴ്സും ഞാൻ പൂർത്തിയാക്കി. ഹാർവാർഡ് പഠനത്തിന് ശേഷം കാൻസാസിലെ ഗ്രാമമേഖലയിലെ രണ്ട് വലിയ ചർച്ചുകളുടെ പുരോഹിതനായി ഞാൻ നിയമിതനായി. ഈ കാലയളവിൽ ചർച്ചിൽ വരുന്നവരുടെ എണ്ണത്തിൽ വലിയ വർധനവുണ്ടായി.

***താങ്കൾ ഇസ്‌ലാമിലേക്ക് വരാനുണ്ടായ കാരണം?***

പുറമേനിന്ന് നോക്കുമ്പോൾ വിജയത്തിന്റെ പടികൾ കയറിപ്പോകുന്ന ഒരു പുരോഹിതനായിരുന്നു ഞാൻ. നല്ല വിദ്യാഭ്യാസം, ചർച്ചുകളിലും അല്ലാതെയും നടക്കുന്ന പ്രാർഥനാ/പ്രഭാഷണങ്ങളിൽ വർധിച്ചുകൊണ്ടിരിക്കുന്ന ആൾക്കൂട്ടം, ആൾക്കൂട്ടത്തെ ആകർഷിക്കാനുള്ള കഴിവ്... ഇങ്ങനെ പല അനുകൂല ഘടകങ്ങൾ. പക്ഷേ, ഉള്ളിൽനിന്ന് നോക്കുമ്പോൾ വളരെ ക്ലേശകരമായ അവസ്ഥയിലായിരുന്നു ഞാൻ. ഒരു ഭാഗത്ത് പുരോഹിതനെന്ന നിലക്കുള്ള എന്റെ ഉത്തരവാദിത്വങ്ങൾ, മറുഭാഗത്ത് എന്റെ മനസ്സിൽ ഉയർന്നുകൊണ്ടിരുന്ന ചർച്ചുമായി ബന്ധപ്പെട്ട നിരവധി ചോദ്യങ്ങളും സംശയങ്ങളും. എനിക്ക് മാത്രമായിരുന്നില്ല ഇത്തരം ആത്മസംഘർഷങ്ങൾ. സെമിനാരിയിൽ ഉന്നതപഠനം നടത്തിയിരുന്ന മിക്കവരും ഇതനുഭവിക്കുന്നുണ്ടായിരുന്നു.

എന്റെ ഇസ്‌ലാമാശ്ലേഷത്തിന്റെ ഒന്നാമത്തെ കാരണം എനിക്ക് ലഭിച്ച ഉന്നത സെമിനാരി വിദ്യാഭ്യാസമാണെന്ന് പറയാം. നല്ല കഴിവു തെളിയിച്ചവരെയാണ് ഹാർവാർഡ് ഡിവിനിറ്റി കോളേജിലേക്ക് സെമിനാരി പഠനത്തിനായി തെരഞ്ഞെടുക്കുന്നത്. സിലബസിൽ ക്രിസ്തീയ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട യഥാർഥ ചരിത്ര വസ്തുതകളെക്കുറിച്ച് ആഴത്തിലുള്ള പഠനവും ഉൾപ്പെടും. മുഖ്യധാരാ സംഘടിത ചർച്ചുകളുടെ രൂപപ്പെടൽ, ഈ രൂപീകരണത്തിൽ രാഷ്ട്രീയ, ഭൂമിശാസ്ത്ര ഇടപെടലുകൾ, ത്രിയേകത്വം, യേശു ദൈവപുത്രനാണെന്ന വിശ്വാസം രൂപപ്പെട്ട പശ്ചാത്തലം, നിലവിലുള്ള വിശ്വാസ സംഹിതകളുമായി പൊരുത്തപ്പെടാത്ത ആദ്യകാല ക്രിസ്ത്യൻ സമൂഹങ്ങൾ ഇതെക്കുറിച്ചൊക്കെ പഠിക്കാൻ അവസരം ലഭിക്കുന്നു. സ്വാഭാവികമായും ഇത്തരം വിഷയങ്ങളിൽ ഉന്നതപഠനം കഴിഞ്ഞ പലരും വിശ്വാസപരമായ സംഘർഷങ്ങളിൽ അകപ്പെടുന്നു. ഇതു കാരണമാണ് ക്രിസ്ത്യൻ മതമീമാംസയിൽ ഉന്നത പഠനം കഴിഞ്ഞ നല്ലൊരു വിഭാഗം പൗരോഹിത്യ വൃത്തിക്ക് പോവാതെ മറ്റു തൊഴിലുകളിലേക്ക് തിരിയുന്നത്. ഇതിൽ നല്ലൊരു വിഭാഗം കൗൺസലിംഗ് മേഖലയിലാണ് എത്തിപ്പെടുക. ഞാനും അതുതന്നെ തെരഞ്ഞെടുത്തു. കൗൺസലിംഗിൽ ഞാൻ മാസ്റ്റർ ബിരുദവും ഡോക്ടറേറ്റും നേടി. ഒരു കൗൺസലിംഗ് ക്ലിനിക്കും ആരംഭിച്ചു.

മനഃസംഘർഷം ഉള്ളിലൊതുക്കി ഞാനൊരു ക്രിസ്ത്യാനിയായി തന്നെ നിലകൊണ്ടു. ഏകനായ ദൈവത്തിൽ വിശ്വസിച്ചു. യേശുവിന്റെ യഥാർഥ ഉപദേശങ്ങൾ ചെവിക്കൊണ്ടു. ത്രിയേകത്വമോ, യേശു ദൈവപുത്രനാണെന്ന വിശ്വാസമോ എനിക്കുണ്ടായിരുന്നില്ല. യേശു പഠിപ്പിച്ച ഏകനായ ആ ദൈവത്തിൽ ഞാൻ അടിയുറച്ചു വിശ്വസിച്ചു. അമേരിക്കൻ സമൂഹം ദൈവവിശ്വാസത്തിൽനിന്നും മതമൂല്യങ്ങളിൽനിന്നും അകന്നുകൊണ്ടിരിക്കുകയാണെന്ന ചിന്ത എന്നെ വല്ലാതെ അലട്ടി.

ഈ കാലയളവിലാണ് ഞങ്ങളുടെ പ്രദേശത്തെ മുസ്‌ലിംകളുമായി ബന്ധപ്പെടാൻ തുടങ്ങിയത്. ഇതിനൊരു കാരണമുണ്ട്. അറേബ്യൻ കുതിരകളെക്കുറിച്ച് ഞാനും ഭാര്യയും വലിയൊരു ഗവേഷണം നടത്തുകയായിരുന്നു. ഇതുമായി ബന്ധപ്പെട്ട ചില അറബി ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്താൻ, അമേരിക്കക്കാരനായ ഒരു അറബ് മുസ്‌ലിമുമായി ഞാൻ ബന്ധപ്പെട്ടു– പേര് ജമാൽ. ഇവ്വിഷയകമായി അദ്ദേഹം എന്നെ ഒരുപാട് സഹായിച്ചു. ഞങ്ങൾ സുഹൃത്തുക്കളായി. ഞങ്ങളുടെ കുടുംബങ്ങളും വളരെ അടുപ്പത്തിലായി. ജമാലിന്റെ അച്ചടക്കപൂർണമായ ജീവിതം, കൃത്യസമയത്ത് എവിടെയായാലും പ്രാർഥന അനുഷ്ഠിക്കാൻ കാണിക്കുന്ന തിടുക്കം, വ്യാപാര ഇടപാടുകളിൽ അദ്ദേഹം കാണിച്ച സത്യസന്ധത ഇതൊക്കെ എന്നിൽ മതിപ്പുളവാക്കി. ജമാൽ മുഖേന എന്റെ പ്രദേശത്തെ ധാരാളം മുസ്‌ലിം കുടുംബങ്ങളുമായി ഞാൻ പരിചയപ്പെട്ടു. ഈ കുടുംബങ്ങളൊക്കെ ഇസ്‌ലാമിക ജീവിതം നയിക്കുന്നവരായിരുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഇസ്‌ലാമിക നിർദേശങ്ങൾ പാലിക്കുന്നവരും. ഇവരുടെ മാതൃകാ ജീവിതം എന്നെ വല്ലാതെ ആകർഷിച്ചു. അവർ ഇസ്‌ലാമിനെക്കുറിച്ച് എന്നോട് പ്രസംഗിക്കുകയോ ഇസ്‌ലാമിന്റെ മഹിമ കാണിച്ചുതരാൻ ബോധപൂർവം ശ്രമിക്കുകയോ ചെയ്തിരുന്നില്ല. അവരുടെ ജീവിതം ഇസ്‌ലാം എന്താണെന്ന് എനിക്ക് കാണിച്ചു തരികയായിരുന്നു. ഇത് ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ എനിക്ക് പ്രേരണയായി. അപ്പോൾ എനിക്ക് മനസ്സിലായി, ഇസ്‌ലാമിക വിശ്വാസത്തിനും ആദ്യകാല ക്രിസ്തീയ വിശ്വാസത്തിനും വളരെയധികം പൊരുത്തമുണ്ടെന്ന്. യേശുവിനെയും മോസസിനെയും ശരിയായ വിധത്തിൽ പിൻപറ്റുന്നവരെ ഞാൻ കണ്ടെത്തി. ഞാൻ പറയുമായിരുന്നു; മോസസിനെ പിൻപറ്റുന്നവരാണ് ജൂതരെങ്കിൽ, യഥാർഥ ജൂതർ മുസ്‌ലിംകളാണ്. യേശുവിന്റെ യഥാർഥ ഉപദേശങ്ങൾ പിൻപറ്റുന്നവരെ ക്രിസ്ത്യാനികൾ എന്ന് വിളിക്കാമെങ്കിൽ, യഥാർഥ ക്രിസ്ത്യാനികൾ മുസ്‌ലിംകളാണ്. കാരണം മോസസിന്റെയും യേശുവിന്റെയും പ്രവാചകത്വം പൂർണമാവുന്നത് മുഹമ്മദിലൂടെയാണ്. മുൻകാല പ്രവാചകന്മാരിലൂടെ വെളിപ്പെട്ട ദൈവിക തത്ത്വസംഹിതകളുടെ പൂർത്തീകരണമാണ് മുഹമ്മദിലൂടെ അവതീർണമായ ഖുർആൻ. ആദ്യകാല ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച എന്റെ അറിവു കാരണം മുഹമ്മദീയ പ്രവാചകത്വത്തിൽ വിശ്വസിക്കാൻ എനിക്ക് പ്രയാസം ഉണ്ടായില്ല. ഒര

**മനഃസംഘർഷം ഉള്ളിലൊതുക്കി ഞാനൊരു ക്രിസ്ത്യാനിയായി തന്നെ നിലകൊണ്ടു. ഏകനായ ദൈവത്തിൽ വിശ്വസിച്ചു. യേശുവിന്റെ യഥാർഥ ഉപദേശങ്ങൾ ചെവിക്കൊണ്ടു. ത്രിയേകത്വമോ, യേശു ദൈവപുത്രനാണെന്ന വിശ്വാസമോ എനിക്കുണ്ടായിരുന്നില്ല. യേശു പഠിപ്പിച്ച ഏകനായ ആ ദൈവത്തിൽ ഞാൻ അടിയുറച്ചു വിശ്വസിച്ചു.**

ർഥത്തിൽ ഞാൻ നേരത്തെ തന്നെ ഒരു 'ക്രിസ്ത്യൻ മുസ്‌ലിം' ആയിരുന്നല്ലോ.

***ഇസ്‌ലാമിലേക്ക് വന്നപ്പോൾ വല്ല പ്രയാസങ്ങളും നേരിടുകയുണ്ടായോ? താങ്കളുടെ മുൻസഹപ്രവർത്തകരുടെ പ്രതികരണമെന്തായിരുന്നു?***

മറ്റെവിടെയും പോലെ അമേരിക്കയിലും ഇസ്‌ലാമിലേക്ക് വരുമ്പോൾ ഒരുപാട് പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. ഇതിൽനിന്ന് ഞാനും ഒഴിവല്ല. പല പ്രയാസങ്ങളും നമുക്കുതന്നെ മുൻകൂട്ടികാണാൻ കഴിയും. ചില പ്രയാസങ്ങൾ അപ്രതീക്ഷിതമായിരിക്കും. ഒരു സാധാരണ അമേരിക്കക്കാരന് അവന്റെ ജീവിത രീതിയിൽ പൊടുന്നനെ ഉണ്ടാകുന്ന മാറ്റങ്ങൾ പ്രയാസങ്ങൾ സൃഷ്ടിക്കും. ഇസ്‌ലാമിലേക്ക് വരുമ്പോൾ മദ്യം, പന്നിയിറച്ചി, പലിശ ഇടപാടുകൾ എന്നിവയിൽനിന്നും പൂർണമായി വിട്ടുനിൽക്കണമല്ലോ. ഇതൊക്കെ ഞാൻ നേരത്തെ തന്നെ ഉപേക്ഷിച്ചിരുന്നതുകൊണ്ട് അതൊരു പ്രശ്നമായില്ല. എന്നാൽ അപ്രതീക്ഷിതമായ ചില ദുഃഖകരമായ അനുഭവങ്ങളുമുണ്ടായി. ഞങ്ങളുടെ അടുത്ത ഒരു കുടുംബസുഹൃത്ത് ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചതോടെ (ഭാര്യ ഡെബ്റ ഡർക്സും ഇസ്‌ലാം സ്വീകരിച്ചിരുന്നു) ഞങ്ങളിൽനിന്നും പൂർണമായി അകന്നു. ഇതിന് കാരണമായി അവർ പറഞ്ഞത് 'യേശുവിനെ രക്ഷകനായി കാണാത്തവരുമായി യാതൊരു ബന്ധവും വേണ്ട' എന്നാണ്. ഞങ്ങളാകട്ടെ യേശുവിൽ വിശ്വസിച്ചതുകൊണ്ടാണ് ഇസ്‌ലാമിലെത്തിയതു തന്നെ. മറ്റൊരു അനുഭവം: ചർച്ച് മിനിസ്റ്ററായി വിരമിച്ച പ്രായമായ ഒരു പുരോഹിതൻ എന്നെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അദ്ദേഹം ചോദിച്ചു: 'ക്രിസ്തീയ വിശ്വാസങ്ങളിൽ നല്ല അറിവുള്ള താങ്കൾ എങ്ങനെ ഇസ്‌ലാമിലെത്തി?' ഞാൻ പറഞ്ഞു: 'ഈ അറിവുതന്നെയാണ് എന്നെ ഇസ്‌ലാമിലേക്കെത്തിച്ചത്..... യേശുവിനെക്കുറിച്ച ആദ്യകാല ക്രിസ്തീയ വിശ്വാസങ്ങൾ താങ്കൾക്കും അറിവുള്ളതാണല്ലോ.' ഉടനെ വന്നു അദ്ദേഹത്തിന്റെ മറുപടി: 'അപ്പോൾ താങ്കൾക്ക് പോളിൻ തിയോളജിയിലും വിശ്വാസം നഷ്ടപ്പെട്ടു അല്ലേ' (St. Paul ആണല്ലോ ആധുനിക ക്രിസ്തുമത സ്ഥാപകനായി കരുതപ്പെടുന്നത്). ഇതോടെ ഞങ്ങൾ പിരിഞ്ഞു. ഇത്തരം പ്രയാസങ്ങളൊക്കെ ഉണ്ടാകും. അല്ലാഹുവിന്റെ ഹിദായത്തല്ലേ ലഭിക്കുന്നത്. പ്രയാസങ്ങളൊന്നും കാര്യമാക്കേണ്ടതില്ല.

> **അവർ ഇസ്‌ലാമിനെക്കുറിച്ച് എന്നോട് പ്രസംഗിക്കുകയോ ഇസ്‌ലാമിന്റെ മഹിമ കാണിച്ചുതരാൻ ബോധപൂർവം ശ്രമിക്കുകയോ ചെയ്തിരുന്നില്ല. അവരുടെ ജീവിതം ഇസ്‌ലാം എന്താണെന്ന് എനിക്ക് കാണിച്ചു തരികയായിരുന്നു. ഇത് ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ എനിക്ക് പ്രേരണയായി. അപ്പോൾ എനിക്ക് മനസ്സിലായി. ഇസ്‌ലാമിക വിശ്വാസത്തിനും ആദ്യകാല ക്രിസ്തീയ വിശ്വാസത്തിനും വളരെയധികം പൊരുത്തമുണ്ടെന്ന്.**

***അമേരിക്കയിൽ വളരെ വേഗം പ്രചരിക്കുന്ന മതം ഇസ്‌ലാമാണെന്ന് പറയപ്പെടുന്നു. ഇത് വസ്തുതാപരമാണോ?***

ഇത് സത്യം തന്നെയാണ്. ഞാൻ സ്വന്തമായി നടത്തിയ ഗവേഷണത്തിലൂടെ കണ്ടെത്തിയത് ഏകദേശം 20,000 മുതൽ 30,000 അമേരിക്കക്കാർ ഒരുവർഷം ഇസ്‌ലാം സ്വീകരിക്കുന്നുണ്ടെന്നാണ്. ഇന്ന് അമേരിക്കയിൽ ഏറ്റവും പ്രചാരമുള്ള വിശ്വാസസംഹിതതന്നെയാണ് ഇസ്‌ലാം.

***ഇത്രവലിയ പ്രചാരം ലഭിക്കാൻ എന്താണ് കാരണം? ബുഷും മീഡിയയും ചേർന്ന് കടുത്ത ഇസ്‌ലാമോഫോബിയ സൃഷ്ടിച്ചുവിട്ടിരുന്നുവല്ലോ?***

ശരിയാണ്. പക്ഷേ, ഈ ദുഷ്പ്രചാരണം മറ്റൊരു രൂപത്തിൽ അനുകൂലമായി ഭവിക്കുകയായിരുന്നു. 9/11 സംഭവിച്ചപ്പോൾ, ഈ ദുഷ്പ്രചാരണങ്ങൾ കാരണം സാധാരണ അമേരിക്കക്കാരൻ ധരിച്ചുവശായത് ഭീകരാക്രമണത്തിന്റെ പ്രചോദനം ഇസ്‌ലാം തന്നെയാണ് എന്നായിരുന്നു. ഇതുകാരണം പലരും ഒരു കുറ്റാന്വേഷണ നോവൽ വായിക്കുന്ന ഉദ്വോഗത്തോടെ ഇസ്‌ലാമിനെ വായിക്കാൻ തുടങ്ങി. മീഡിയയിലൂടെ തങ്ങൾക്ക് ലഭിക്കുന്ന ഇസ്‌ലാമിനെക്കുറിച്ച വിവരങ്ങൾ സത്യമല്ലെന്ന് അതോടെ അവർക്ക് ബോധ്യപ്പെട്ടു. തുടർന്നുള്ള അന്വേഷണവും പഠനങ്ങളുമണ് അമേരിക്കക്കാരെ ഇസ്‌ലാമിലെത്തിക്കുന്നത്. ബുദ്ധിപരമായ അന്വേഷണത്തിലൂടെയാണ് അവർ ഇസ്‌ലാമിനെ കണ്ടെത്തുന്നത്.

***ഒബാമയുടെ നേതൃത്വം എത്രത്തോളം വ്യത്യസ്തമാണ്?***

ബുഷിനെപ്പോലെ അദ്ദേഹം ആളുകളെ തീവ്രവാദഭീഷണി കാട്ടി ഭയപ്പെടുത്തുന്നില്ല. ചർച്ചകളുടെയും പരസ്പര ബഹുമാനത്തിന്റെയും അടിസ്ഥാനത്തിൽ മുസ്‌ലിം നാടുകളുമായി ബന്ധം മെച്ചപ്പെടുത്തുമെന്ന് അദ്ദേഹം ഇടക്കിടെ പറയുന്നുണ്ട്. ഈ പ്രസ്താവനകൾക്ക് മീഡിയ നല്ല കവറേജ് നൽകുന്നതുകൊണ്ട് ഇസ്‌ലാമോഫോബിയയുടെ തീവ്രത മുമ്പത്തെക്കാൾ കുറഞ്ഞിട്ടുണ്ട്. ഭാവിയിൽ മാറ്റമുണ്ടാവുമെന്നാണ് പ്രതീക്ഷ. എന്തായാലും ഞാനൊരു 'ഒബാമക്കാരൻ' ആണ്.

***സംഘടിത ക്രിസ്ത്യൻ മിഷനറി പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, മുസ്‌ലിംകൾ ദഅ്‌വാ രംഗത്ത് വളരെ പിറകിലാണെന്ന് തോന്നുന്നു. താങ്കളുടെ അഭിപ്രായം?***

വാസ്തവമാണ്. ലോകാടിസ്ഥാനത്തിൽ ക്രിസ്തീയ മിഷനറി പ്രവർത്തനം വളരെ സംഘടിതവും ശക്തവുമാണ്. ഭീമമായ സംഖ്യയാണ് ഇതിനുവേണ്ടി വർഷാവർഷം ചെലവഴിക്കുന്നത്. ഗംഭീരമായ സംഘടനാ വൈഭവവുമുണ്ടതിന്. ഈ വൻ ഭൗതിക വിഭവ സമൃദ്ധിയുമായി തട്ടിച്ചു നോക്കുമ്പോൾ മുസ്‌ലിംകൾ പിറകിലാണെന്ന് തോന്നാം. പക്ഷേ, എന്റെ അഭിപ്രായത്തിൽ ഇത്തരത്തിലുള്ള സംഘടിത 'മാർക്കറ്റിംഗ്' ഇസ്‌ലാമിക പ്രചാരണത്തിന് വേണമെന്നില്ല. ഒരു മുസ്‌ലിം തന്റെ ഇസ്‌ലാമിക ജീവിതം മുൻനിർത്തിയാവണം പ്രബോധനരംഗത്തിറങ്ങേണ്ടത്. മാതൃകാ യോഗ്യമായ ജീവിതമാണ് ഏറ്റവും ശക്തമായ ദഅ്‌വാ മാധ്യമം. ഒരു മുസ്‌ലിമിന്റെ ദൈനംദിന ജീവിതരീതിതന്നെ പ്രബോധന പ്രവർത്തനമാകുന്ന രൂപത്തിലാണ് ഇസ്‌ലാമിന്റെ ശിക്ഷണ–ആരാധനാ രീതികളൊക്കെ ക്രമീകരിച്ചിരിക്കുന്നത്. ■

shareef@abm-group.com